ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 05.09.2025

പ്രധാന വാർത്തകൾ

TIME: 07.25 PM

1. തിരുവോണ ആഘോഷ നിറവിൽ ലോകമെ മ്പാടുമുള്ള മലയാളികൾ; ബന്ധുവീടുകളിൽ സന്ദർശനങ്ങളും സൗഹൃദക്കൂട്ടായ്മകളുമായി നാളെ മൂന്നാം ഓണം.

   Keralites around the world are in full swing for Thiruvonnam celebrations; The third Onam will be celebrated tomorrow with visits to relatives and joyful gatherings with friends.

2. അമേരിക്കയുടെ ഉയർന്ന തീരുവ പ്രതികൂലമായി ബാധിച്ച കയറ്റുമതി സ്ഥാപനങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   Finance Minister Nirmala Sitharaman has said that the government is working on measures to support exporters who are impacted by the 50 per cent US tariffs and a package for exporters is being prepared.

3. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ, ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ് ഗെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   External Affairs Minister Dr. S. Jaishankar met Bhutanese Prime Minister Dasho Tshering Tobgay in New Delhi.

4. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഈ മാസം ഒൻപതിന് ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തും.

Mauritius Prime Minister Naveen Chandra Rangulam will arrive in India on the 9th of this month for an official visit.

5. റഷ്യ -യുക്രെയ്ൻ സംഘർഷം പരിഹരിക്കുന്നതിൽ സമീപകാലത്തുണ്ടായ പുരോഗതിയെ ഐക്യരാഷ്ട്ര പൊതു സഭയിൽ നടന്ന ചർച്ചയിൽ സ്വാഗതം ചെയ്ത് ഇന്ത്യ.

India welcomes the recent progress in resolving the Russia-Ukraine conflict at the discussion held at the United Nations General Assembly.

6. ഏഷ്യ കപ്പ് പുരുഷ ഹോക്കിയിൽ ഇന്ത്യ നാളെ ചൈനയെ നേരിടും ; കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്‌സ് ഫൈനലിൽ.

India will face China tomorrow in the Asia Cup men's hockey; Aries Kollam Sailors in the final of the Kerala Cricket League.

&&&&&&&&&&&&&&&&&&

**ONAM GENERAL**

തിരുവോണ ആഘോഷ നിറവിൽ ലോകമെമ്പാടുമുള്ള മലയാളികൾ.

(ഹോൾഡ്)

നാടിന്റെ മണവും രുചിയുമുള്ള സ്മരണകൾ നെഞ്ചിലേറ്റിയാണ് ഓണാഘോഷങ്ങൾ പുരോഗമിക്കുന്നത്. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും തിരുവോണ ആഘോഷങ്ങൾ രാത്രിയും തുടരുകയാണ്. പൂക്കളവും പുത്തൻ കോടിയും ഓണസദ്യയുമൊക്കെയായി മലയാളികൾ പൊന്നോണനാൾ ആഘോഷമാക്കി. നാളെ മൂന്നാം ഓണത്തിന് ബന്ധുവീടുകളിൽ സന്ദർശനങ്ങളും സൗഹൃദക്കൂട്ടായ്മകളുമായി ആഘോഷങ്ങൾ തുടരും.

&&&&&&&&&&&&&&&&&&

## Onam Drone Show

ഓണം വാരാഘോഷത്തോടനുബന്ധിച്ച് ആകാശത്ത് ദൃശ്യവിസ്മയമൊരുക്കുന്ന ഡ്രോണുകളുടെ ലൈറ്റ് ഷോയ്ക്ക് ഇന്ന് രാത്രി തിരുവനന്തപുരത്ത് തുടക്കമാകും. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന് മുകളിലായി 250 അടി ഉയരത്തിൽ രാത്രി 8.45 മുതൽ 9.15 വരെയാണ് ലൈറ്റ് ഷോ നടക്കുക. മൂന്ന് ദിവസത്തെ ഡ്രോൺ ലൈറ്റ് ഷോയിൽ ആയിരത്തോളം ഡ്രോണുകളുണ്ടാകും.

&&&&&&&&&&&&&&&&&&

## PATHANMATHITTA (INTRO)

തിരുവോണ നാളിലെ നോവുന്നൊരോർമ്മയാണ് ആറന്മുളക്കാർക്ക് മുറം ചൂടിയ മുത്തശ്ശിക്കഥ. കാരണവർമാർ ചെയ്ത തെറ്റിന് പ്രായശ്ചിത്തമായി തിരുവോണനാളിൽ ഉണ്ണാവ്രതമനുഷ്ഠിക്കുകയാണ് ആറന്മുളയിലെ മൂന്ന് നമ്പൂതിരി ഇല്ലങ്ങളിലെ കാരണവൻമ്മാർ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

&&&&&&&&&&&&&&&&&&

## IDUKKI (INTRO)

കൊതിപ്പിക്കുന്ന മധുരം. അതിനൊപ്പം ഗുണവും. മറയൂർ ശർക്കര അത്ര മേന്മയേറിയതാണ്. അതിനാൽ കൂടിയാണ് ഈ തദ്ദേശീയ ശർക്കരയ്ക്ക് ഭൗമസൂചികാ പദവി ലഭിച്ചത്. ഈ ഓണത്തിന് മറയൂർ ശർക്കരയ്ക്ക് വിപണിയിൽ ആവശ്യക്കാർ ഏറെയായിരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

(വോയ്സ്)

&&&&&&&&&&&&&&&&&&

## NABIDINAM

പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മദിനമായ ഇന്ന് മിലാദുൻ നബി ആഘോഷിക്കുന്ന, വിശ്വാസികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസകൾ നേർന്നു. ഈ പുണ്യദിനം നമ്മുടെ സമൂഹത്തിൽ സമാധാനവും ക്ഷേമവും കൊണ്ടുവരട്ടെ എന്നും,

കാരുണ്യം, സേവനം, നീതി എന്നിവയുടെ മൂല്യങ്ങൾ നമ്മെ നയിക്കട്ടെ എന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു.

&&&&&&&&&&&&&&&&&&

## SITHARAMAN – GST REFORMS

അമേരിക്കയുടെ ഉയർന്ന തീരുവ പ്രതികൂലമായി ബാധിച്ച കയറ്റുമതിസ്ഥാപനങ്ങളെ സഹായിക്കാൻ നടപടികൾ കൈക്കൊണ്ടുവരികയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. പരോക്ഷ നികുതി പരിഷ്കാരങ്ങളുടെ ഫലമായി 99 ശതമാനം ഉത്പന്നങ്ങളും സേവനങ്ങളും ഇപ്പോൾ പൂജ്യം, അഞ്ച്, പതിനെട്ട് എന്നീ നികുതി സ്ലാബുകൾക്കുള്ളിലായി. ഇത് ഉപഭോഗം വർധിപ്പിക്കുമെന്നും, എന്നാൽ മൂലധനചിലവിനെ ബാധിക്കില്ലെന്നും ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## Jaishankar-Bhutan PM

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഭൂട്ടാൻ ബന്ധം കൂടുതൽ കരുത്താർജിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നാല് ദിവസത്തെ സന്ദർശനത്തിനായാണ് ഭൂട്ടാൻ പ്രധാനമന്ത്രി ബുധനാഴ്ച ഇന്ത്യയിലെത്തിയത്.

&&&&&&&&&&&&&&&&&&

## MEA – BRIEFING

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഈ മാസം ഒൻപതിന് ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തും. പതിനാറ് വരെ സന്ദർശനം തുടരും.. ഡൽഹിക്ക് പുറമെ മുംബൈ, വാരാണസി, അയോധ്യ, തിരുപ്പതി എന്നിവടങ്ങളും അദ്ദേഹം സന്ദർശിക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഓസ്ട്രേലിയയിൽ സമീപ ദിവസങ്ങളിൽ നടന്ന കുടിയേറ്റ വിരുദ്ധ പ്രക്ഷോഭം സംബന്ധിച്ച് അവിടത്തെ സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

**UN Assembly-Ukraine-Russia**

റഷ്യ -യുക്രെയ്ൻ സംഘർഷം പരിഹരിക്കുന്നതിൽ സമീപകാലത്തുണ്ടായ പുരോഗതിയെ സ്വാഗതം ചെയ്ത് ഇന്ത്യ. സംഘർഷമവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര പൊതു സഭയിൽ നടന്ന ചർച്ചയിലാണ് ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ മാസം നടന്ന ട്രംപ് -പുടിൻ അലാസ്ക ഉച്ചകോടിയെയും ഇന്ത്യ സ്വാഗതം ചെയ്തു. സംഘർഷം പരിഹരിക്കുന്നതിന് സംഭാഷണത്തിന്റെയും നയതന്ത്രത്തിന്റെയുംവഴി തേടണമെന്ന് ഇന്ത്യ നിർദ്ദേശിച്ചു. സമാധാന ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി, റഷ്യൻ പ്രസിഡന്റ് പുടിൻ അടക്കമുള്ളവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തി വരുന്ന ചർച്ചകൾ അദ്ദേഹം പരാമർശിച്ചു.

&&&&&&&&&&&&&&&&&

**National Teachers Awards**

പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുകയെന്നതാണ് വനിതകളുടെ നേതൃത്വത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ, 2025 ലെ ദേശീയ അധ്യാപക പുരസ്ക്കാരങ്ങൾ സമ്മാനിച്ച ശേഷം സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഉന്നത വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ മൊത്ത പ്രവേശന അനുപാതം ഗണ്യമായി വർദ്ധിക്കുന്നതിൽ രാഷ്ട്രപതി സന്തോഷം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&

**FUR REV EDUCATION-GST REFORMS (INTRO)**

ഈ വർഷത്തെ ദീപാവലിയോടുകൂടി രാജ്യത്തെ ചരക്കു സേവന നികുതിയിൽ വലിയ പരിഷ്കാരങ്ങൾ വരുമെന്ന് സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകിയിരുന്നു.വിദ്യാഭ്യാസ മേഖലയിൽ അടക്കം നിരവധി നികുതി പരിഷ്ക്കാരങ്ങളാണ് ഇതോടെ രാജ്യത്ത് നിലവിൽ വരുന്നത്. ഒരു റിപ്പോർട്ട്

(വോയ്സ്)

&&&&&&&&&&&&&&&&&&

**MANOHAR LAL - ANGIKAAR**

അംഗികാർ -2025 പ്രചാരണത്തിന് തുടക്കമിട്ടു കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർലാൽ. പ്രധാനമന്ത്രി ആവാസ് യോജന അർബൻ -നെപ്പറ്റി ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുകയാണ് ലക്ഷ്യം.ഭവനനിർമ്മാണ അപേക്ഷകളുടെ പരിശോധന,അനുമതി ലഭിച്ച വീടുകളുടെ നിർമ്മാണ പൂർത്തീകരണം എന്നിവയ്ക്ക് അംഗികാർ- 2025 വേഗം പകരും. PMAY-U പദ്ധതിക്ക് കീഴിൽ അംഗീകാരം ലഭിച്ച 1.2 കോടി വീടുകളിൽ 94 ലക്ഷം വീടുകൾ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നിലവിൽ കൈമാറിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**KCL**

കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്‌സ് ഫൈനലിൽ. ആദ്യ സെമിയിൽ തൃശ്ശൂർ ടൈറ്റൻസിനെതിരെ 10 വിക്കറ്റിനാണ് ഏരീസ് കൊല്ലത്തിന്റെ ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത തൃശ്ശൂർ 17.1 ഓവറിൽ 86 റണ്ണിന് എല്ലാവരും പുറത്താവുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ കൊല്ലം 9.5 ഓവറിൽ വിക്കറ്റൊന്നും നഷ്ടമാകാതെ ലക്ഷ്യം മറികടന്നു.ലീഗിലെ രണ്ടാം സെമിയിൽ കൊച്ചി ബ്ലൂടൈഗേഴ്സ് കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സിനെ നേരിടുകയാണ്. ടോസ് നേടിയ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്- കൊച്ചി ബ്ലൂ ടൈഗേഴ്സിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു. മറ്റന്നാൾ ആണ് ഫൈനൽ

&&&&&&&&&&&&&&&&&&

**BIHAR ASIA CUP HOCKEY**

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, നാളെ നടക്കുന്ന സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും. നാളെ വൈകുന്നേരം 7:30 ന് രാജ്ഗിർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. മറ്റൊരു സൂപ്പർ ഫോർ മത്സരത്തിൽ, ദക്ഷിണ കൊറിയ നാളെ മലേഷ്യയെ നേരിടും.

&&&&&&&&&&&&&&&&&&

## PRALHAD JOSHI - MEETING

ഭൗമതാപ ഊർജ വിനിയോഗം സംബന്ധിച്ച് പുതിയ നയം രൂപീകരിക്കാൻ ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രൽഹാദ് ജോഷി. വ്യവസായ സൗഹാർദ്ദമായ ഊർജസ്രോതസ്സെന്ന നിലയിൽ ഭൗമതാപം മികച്ച രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്നും ന്യൂ ഡൽഹിയിൽ ഇത് സംബന്ധിച്ചുനടന്ന യോഗത്തിൽ മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## Sonowal -TN

തമിഴ്നാട്ടിലെ തൂത്തുക്കുടിയിലുള്ള വി.ഒ. ചിദംബരനാർ തുറമുഖത്ത് ഹരിത ഹൈഡ്രജൻ പ്ലാന്റടക്കമുള്ള വിവിധ വികസന പദ്ധതികൾ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്തു. തുറമുഖ അധിഷ്ഠിത വികസന സംരംഭങ്ങളിലൂടെ ഷിപ്പിംഗ് വ്യവസായം വൻ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുകയാണെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി പറഞ്ഞു. 7.4 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന കണ്ടെയ്നർ ടെർമിനൽ, 110 കെ.വി. സബ്സ്റ്റേഷൻ, 6 മെഗാവാട്ട്കാറ്റാടി ഊർജ്ജ പദ്ധതി എന്നിവയ്ക്ക് അദ്ദേഹം തറക്കല്ലിട്ടു. കപ്പലോട്ടിയ തമിഴൻ എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി വി.ഒ. ചിദംബരനാറുടെ ജന്മവാർഷികത്തോടനുബന്ധിച്ചായിരുന്നു പരിപാടി.

*

***************

*****************************************